ടെണ്ടർ വിളിക്കാതെ കോൺട്രാക്ട് കൊടുത്തതിലുണ്ടായ നഷ്ടം

1319 [2113] ശ്രീ. വി.ജെ. ജോസഫ്:
,, തോമസ് ജോസഫ്:
,, ലോനപ്പൻ നമ്പാടൻ:
,, കെ. എ. മാത്യു:
,, എം. വി. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കക്കി ഡാം സൈറ്റിൽ അവശേഷിച്ചിരുന്ന വിലപിടിപ്പുള്ള തടികളും കരിയ്ക്കുള്ള വിറകും ശേഖരിച്ചെടുക്കുന്നതിന് ഒരു കോൺട്രാക്ടറെ ഏൽപ്പിച്ചുകൊടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് ആരെയാണ്;

(സി) ഇത് ടെണ്ടർ വിളിച്ചുകൊടുക്കുകയായിരുന്നോ, അതോ നെഗോഷ്യേറ് ചെയ്തുകൊടുക്കുകയായിരുന്നോ;

(ഡി) നെഗോഷ്യേറ് ചെയ്തുകൊടുത്തതാണെങ്കിൽ അത് ടെണ്ടർ ചെയ്യാതിരിക്കാനുണ്ടായ കാരണം എന്താണ്;

(ഇ) ഈ ഇടപാടിൽ ഗവൺമെൻറിന് ഉണ്ടായിട്ടുള്ള നഷ്ടം എത്ര?

ഉത്തരം

(എ) ഉണ്ട്.

(ബി) മാനേജിംഗ് പാർട്ണർ, ഗീതാ ടിമ്പേഴ്സ്, ചാലക്കുടി.

(സി) ടെണ്ടർ വിളിച്ചുകൊടുക്കുകയായിരുന്നു.

(ഡി, ഇ) "സി" യുടെ ഉത്തരത്തിൻറെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

പുലിയുടെ ശല്യം

1320 [2114] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫറോക്ക് പ്രദേശത്ത് കാട്ടിൽനിന്നും എത്ര പുലികൾ നാട്ടിൽ വന്നിട്ടുണ്ട്;

(ബി) ഈ പുലികൾ മുഖാന്തിരം നാട്ടുകാർക്കുവന്ന ബുദ്ധിമുട്ടുകൾ ഗവൺമെൻറിൻറെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ഈ പുലികളെ പിടിക്കുന്നതിന് ഫോറസ്റ്റു വകുപ്പിൽ നിന്നും എന്തെല്ലാം നടപടികൾ സ്വീകരിച്ചു.

(ഡി) ഇതുമൂലം ഉദ്യോഗസ്ഥൻമാരുടെ യാത്രച്ചെലവുകൾ ഉൾപ്പെടെ ഗവൺമെൻറിന് വന്ന സാമ്പത്തിക നഷ്ടമെത്രയാണ്?

ഉത്തരം

(എ) രണ്ടു പുലികൾ ഇറങ്ങിയതായി അറിയുന്നു.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly